**ശുഭദിനം** 02-01-2023

# വിശുദ്ധമാകട്ടെ ചിന്തകൾ

യാത്രയ്ക്കിടെ ക്ഷീണം തോന്നിയപ്പോൾ അയാൾ കാട്ടിലെ മരച്ചുവട്ടിൽ വിശ്രമിക്കാനിരുന്നു. ദാഹിച്ചപ്പോൾ അയാൾ മനസ്സിലോർത്തു, ഇത്തിരി വെള്ളം കിട്ടിയിരുന്നെങ്കിൽ. അദ്ഭുതം, ഉടൻ മൺപാത്രം നിറയെ വെള്ളം പ്രത്യക്ഷപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോൾ അയാൾക്കു വിശന്നു. ഭക്ഷണം ലഭിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ചപ്പോഴേക്കും സ്വാദിഷ്ട വിഭവങ്ങൾ നിരന്നു. വയറുനിറഞ്ഞ് ഉറക്കം വന്ന അയാൾ ചുറ്റും നോക്കിയപ്പോൾ പാറക്കൂട്ടങ്ങൾ മാത്രം. ഒരു മെത്ത കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന ചിന്ത പൂർത്തിയാകുന്നതിനു മുൻപേ പൂമെത്ത എത്തി. എല്ലാം താൻ വിശ്രമിക്കുന്ന മരത്തിന്റെ പ്രത്യേകതയാണെന്ന് അയാൾക്കു മനസ്സിലായി. വിശ്രമത്തിനിടെ അയാൾക്കൊരു ആശങ്ക. കാടല്ലേ, സിംഹമോ മറ്റോ വന്നാലോ. എവിടെ നിന്നോ വന്ന സിംഹം അയാളെ ആക്രമിച്ചു കൊലപ്പെടുത്തി.



മനസ്സാണ് മാർഗം, മനസ്സാണ് മാർഗതടസ്സവും. മനസ്സെത്തുന്നിടത്താണ് മെയ്യെത്തുന്നത്. മനസ്സൊരുമ്പെട്ടാൽ മറ്റൊന്നിനും തടയാനാകില്ല. മനസ്സില്ലാത്തവനെ മാറ്റാനോ മനസ്സിനപ്പുറത്തേക്കു നീങ്ങാനോ ഒരാൾക്കും കഴിയില്ല. അങ്ങനെങ്കിൽ മനസ്സിനെ നിയന്ത്രിക്കാനല്ലേ ആദ്യം പഠിക്കേണ്ടത്. ഒരാൾ പറയുന്നതും പ്രവർത്തിക്കുന്നതുമായ എല്ലാക്കാര്യങ്ങളിലും അയാളുടെ ബോധമനസ്സിന്റെയോ ഉപബോധ മനസ്സിന്റെയോ സ്വാധീനമുണ്ടാകും.

നിഷേധാത്മക ചിന്തകൾ വച്ചുപുലർത്തുന്നവരുടെ സൂര്യോദയം പോലും ഇരുണ്ടതാകും. പ്രസാദാത്മക ചിന്തകൾ പിന്തുടരുന്നവരുടെ അസ്തമയങ്ങളിലും ചില കെടാവിളക്കുകൾ തെളിഞ്ഞു നിൽപുണ്ടാകും. ഒരാൾ ചിന്തിക്കുന്നതെന്തോ അതായിത്തീരും എന്നതല്ല, ചിന്തിക്കുന്നതേ ആയിത്തീരൂ എന്നതാണു ശരി. ദുരന്തങ്ങളിലകപ്പെട്ട എല്ലാവരും തകർന്നു വീണിട്ടില്ല. നിലത്തുവീണ ചിലരെങ്കിലും മുളച്ചു പൊങ്ങുന്നുണ്ട്. ഒരാളുടെ മനസ്സ് അയാളുടെ ചിന്തകൾക്കൊപ്പമാണു സഞ്ചരിക്കുന്നത്.

ചിന്തകൾ വിശുദ്ധവും ക്രിയാത്മകവുമാകണമെങ്കിൽ പ്രവർത്തിക്കുന്ന ഇടങ്ങളും അങ്ങനെയാകണം. എത്ര ഐശ്വര്യാനുഭവങ്ങൾക്കിടയിലും അത്യാഹിതങ്ങളെ ഭയപ്പെടുന്നവരുണ്ട്. കാത്തിരിക്കുന്നയാൾ വരാനൽപം വൈകിയാൽ അപകടസാധ്യത മണക്കുന്നവരും കാലാവസ്ഥാ വ്യതിയാനങ്ങൾപോലും വരാനിരിക്കുന്ന കാര്യങ്ങളുടെ ലക്ഷണങ്ങളായി വ്യാഖ്യാനിക്കുന്നവരും അനാവശ്യ ഭയത്തിന്റെ ഉടമകളാണ്. സ്വയം സമ്മർദത്തിലാഴ്ത്തുന്ന ചിന്തകൾ വച്ചുപുലർത്തുന്ന ഒരാളും അവ ർഹിക്കുന്ന പരിധി മറികടക്കില്ല.

# ചിന്തകൾക്കും ചന്തം വേണം



എന്താണ് വിവാഹമോചനം കിട്ടാൻ ഇത്രയും താമസം എന്ന ചോദ്യത്തിനു വക്കീൽ പറഞ്ഞു: ചെറിയ വഴക്കിന്റെ പേരിലൊന്നും വിവാഹമോചനം കിട്ടില്ല. അതിനുള്ള എളുപ്പമാർഗം സ്വഭാവഹത്യയാണ്. വിവാഹേതര ബന്ധം ഉൾപ്പെടെയുള്ള കുറ്റങ്ങൾ ഭാര്യയിൽ ആരോപിക്കണം. അയാൾ പറഞ്ഞു: എന്റെ ഭാര്യ അങ്ങനെയൊരു സ്ത്രീയല്ല. ഞങ്ങൾ തമ്മിൽ ഒരു കാര്യത്തിലും ചേരില്ല എന്നതു മാത്രമാണു പ്രശ്നം. വക്കീൽ ഉപദേശിച്ചു: ഞാൻ പറഞ്ഞത് ചെയ്യാൻ എളുപ്പമുള്ള കാര്യമല്ല. പക്ഷേ, കുറച്ചു കഷ്ടപ്പെടാതെ ഈ ബന്ധം വേർപെടില്ല. അയാൾ പറഞ്ഞു: എങ്കിൽപിന്നെ ഇതിന്റെ പാതി കഷ്ടപ്പാട് മതി ഞങ്ങളുടെ ബന്ധം പിരിയാതിരിക്കാൻ.

വാക്കിലും പ്രവൃത്തിയിലും മാത്രമല്ല, ചിന്തയിൽപോലും ഒരാൾ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ടെങ്കിൽ അയാൾക്കു വൈശിഷ്ട്യം അലങ്കാരവസ്തുവല്ല, ആത്മാംശമാണ്. തന്നോടു മാന്യമായി പെരുമാറുന്നവനോട് എല്ലാവരും അതേ രീതിയിൽ പെരുമാറും. അവഹേളിക്കുന്നവരോടും വിരുദ്ധ നിലപാട് പ്രകടിപ്പിക്കുന്നവരോടും നിലവാരത്തകർച്ചയില്ലാതെ പെരുമാറാൻ എത്രപേർക്കു കഴിയും? ഒരാളെ പ്രകോപിതനോ പ്രലോഭിതനോ ആക്കിയാൽ അയാളുടെ യഥാർഥസ്വഭാവം പുറത്തുവരും.

മാന്യത മൂടുപടം മാത്രമാക്കിയവരുടെ ആവരണം ഏറ്റവും അനുകൂല സാഹചര്യത്തിൽ അഴിഞ്ഞുവീഴും. അകക്കാമ്പിൽ മാന്യതയുള്ളവർക്കു മുറിവേറ്റാലും ഇറ്റുവീഴുന്ന ചോരത്തുള്ളികളിലും ആ മാന്യതയുടെ കണികകളുണ്ടാകും.

അപരർ അശുദ്ധമായും വിശുദ്ധമായും പെരുമാറിയാലും അവർ തങ്ങളുടെ ബൗദ്ധിക വൈകാരിക നിലവാരത്തിൽ താഴെപ്പോകില്ല. കരിമ്പ് എത്ര തല്ലിച്ചതച്ചാലും അതിൽനിന്നു പുറത്തുവരുന്നത് മധുരം മാത്രമായിരിക്കും. അനുകൂലിക്കുന്നവരോടു മാത്രമല്ല, പ്രതികൂലിക്കുന്നവരോടും പുലർത്തേണ്ട ഒന്നാണു മാന്യത.

# ഇന്നാണ് ആ സുദിനം

അയാളുടെ അമൂല്യവസ്തുക്കളുടെ ശേഖരത്തിൽ ഒരു വെള്ളിപ്പാത്രവുമുണ്ടായിരുന്നു. ഏറ്റവും അനുയോജ്യനായ വ്യക്തിക്കു ഭക്ഷണം വിളമ്പാൻ അയാളതു സൂക്ഷിച്ചു. ഒരു ദിവസം സന്യാസി വീട്ടിലെത്തി. വെള്ളിപ്പാത്രത്തിൽ ഭക്ഷണം വിളമ്പാൻ ആലോചിച്ചെങ്കിലും കുറച്ചുകൂടി ഉന്നതനായ ആർക്കെങ്കിലും നൽകാമെന്നു കരുതി അയാളതു തിരിച്ചുവച്ചു. കുറച്ചു നാളുകൾക്കുശേഷം മന്ത്രി വീട്ടിലെത്തി. രാജാവ് വരുമ്പോൾ പാത്രമെടുക്കാം എന്നയാൾ വിചാരിച്ചു. നാളുകൾക്കുശേഷം രാജാവുതന്നെ എത്തി. പക്ഷേ, യുദ്ധത്തിൽ പരാജയപ്പെട്ടശേഷമുള്ള വരവായിരുന്നു അത്. തോറ്റ രാജാവിനുവേണ്ടി തന്റെ വെള്ളിപ്പാത്രമെടുക്കാൻ അയാൾ മടിച്ചു. ഒരിക്കൽപോലും ആ പാത്രം ഉപയോഗിക്കാതെ അയാൾ മരിച്ചു. മരണശേഷം അയാളുടെ മകന് അലമാരയിൽനിന്ന് ആ പാത്രം ലഭിച്ചു. നിറംമങ്ങി ഉപയോഗശൂന്യമായ ആ പാത്രത്തിൽ അയാൾ തന്റെ നായകൾക്കു തീറ്റ കൊടുക്കാൻ തുടങ്ങി.



അതിവിശിഷ്ടമായതൊന്നും അനുദിനജീവിതത്തിൽ ഉപയോഗിക്കരുത് എന്ന തെറ്റിദ്ധാരണയിൽനിന്നാണ് പ്രദർശനവസ്തുക്കളും ലോക്കറുകളും കാഴ്ചബംഗ്ലാവുകളും രൂപപ്പെടുന്നത്. ഉപയോഗിക്കാതിരിക്കുമ്പോഴാണ് മൂല്യം വർധിക്കുന്നതെന്നും മൂല്യമുള്ളവയ്ക്ക് ഉപയോഗത്തിലൂടെ തേയ്മാനം സംഭവിക്കരുതെന്നും ചിന്തിക്കുന്നവരുടെ കൂടെ സഹവസിക്കേണ്ടിവരുന്ന പലർക്കും തങ്ങളുടെ കഴിവുകൾ തിരിച്ചറിയാനാകില്ല. പ്രദർശനശാലകൾ നടത്തുന്നതിൽ സംതൃപ്തി കണ്ടെത്തുന്നവർ രണ്ടുതരം കുറ്റങ്ങൾ ചെയ്യുന്നുണ്ട്. ഒന്ന്, അവർ ഒന്നിനെയും അർഹിക്കുന്ന രീതിയിൽ വളരാനോ രൂപപ്പെടാനോ അനുവദിക്കില്ല. രണ്ട്, അവർ സ്വയം അവഹേളിക്കുന്നു. എല്ലാം നിലവറകളിൽ സൂക്ഷിക്കേണ്ടവയാണെന്ന ധാരണ പുലർത്തുന്നവർ സ്വന്തം വളർച്ചപോലും നിഷേധിക്കും. നിലവിലുള്ള നല്ല അവസരങ്ങൾ കാണാത്തവരെല്ലാം വരാനിരിക്കുന്ന മെച്ചപ്പെട്ട അവസരങ്ങൾ കാത്തിരുന്ന് അന്ധരായവരാണ്. അവർക്കൊരിക്കലും ആനന്ദമോ ആഘോഷമോ ഇല്ല. ഓരോ കാരണമെത്തുമ്പോഴും കൂടുതൽ വലുത് അവർ പ്രതീക്ഷിക്കും. ഉത്കൃഷ്ടമായതെല്ലാം മറ്റുള്ളവർക്കു വിളമ്പാനുള്ളതാണെന്ന ചിന്തയുള്ളവർ ഒന്നിന്റെയും മാധുര്യം നുകരില്ല.

സ്വന്തമായി സമ്പാദിച്ചവയും സ്വന്തം അലമാരകളിൽ ഉള്ളവയുമെങ്കിലും സ്വന്തമായി അനുഭവിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെന്തിനാണ് അവയെല്ലാം നേടിയത്?

# ആത്മവിശ്വാസം കൂടിയാലും...

ഗ്രാമത്തിൽ വന്യമൃഗശല്യമുള്ളതു കൊണ്ട് അവിടെയുള്ളവർക്കെല്ലാം മരത്തിൽ കയറാൻ പരിശീലനം നൽകിയിരുന്നു. അവസാന ദിവസം ഗുരു താൻ പരിശീലിപ്പിച്ച കുട്ടികളുമായി വളരെ ഉയരമുള്ള മരത്തിന്റെ അടുത്തെത്തി അതിൽ കയറി മികവു തെളിയിക്കാനാവശ്യപ്പെട്ടു. വളരെ കഷ്ടപ്പെട്ടാണെങ്കിലും അവർ മുകളിലെത്തി. പാതിവഴി തിരിച്ചിറങ്ങിയപ്പോഴേക്കും ഗുരു പറഞ്ഞു: വളരെ സൂക്ഷിച്ചിറങ്ങണം. നിലത്തിറങ്ങായപ്പോഴേക്കും ഗുരു പറഞ്ഞു: ധൃതിവേണ്ട, സാവധാനം മതി. എല്ലാവരോടും ഇതേ കാര്യം ആവർത്തിച്ചപ്പോൾ അവർ ചോദിച്ചു: ഞങ്ങൾ കയറുമ്പോഴല്ലേ കൂടുതൽ ശ്രദ്ധിക്കേണ്ടത്. അങ്ങെന്തിനാണ് താഴെയെത്താറാകുമ്പോൾ മുന്നറിയിപ്പു നൽകുന്നത്. ഗുരു പറഞ്ഞു: മുകളിലേക്കു പോകുമ്പോൾ ശ്രദ്ധിക്കണമെന്നു നിങ്ങൾക്കറിയാം. ഇറങ്ങുന്നതിനിടയിലെ അശ്രദ്ധ കൊണ്ടു വീണാണ് പലർക്കും പരുക്കുപറ്റിയിട്ടുള്ളത്.



ലക്ഷ്യത്തിലെത്തുന്നതും ലക്ഷ്യത്തിനടുത്തെത്തുന്നതും തമ്മിലുള്ള വ്യത്യാസം ദൂരത്തിന്റേതു മാത്രമല്ല, മനോഭാവത്തിന്റെയും പക്വതയുടെയും വ്യക്തിവൈശിഷ്ട്യത്തിന്റെയും കൂടിയാണ്. ആന്തരികപ്രേരണയുടെയോ ബാഹ്യനിർബന്ധങ്ങളുടെയോ ഫലമായി എന്തുകാര്യവും തുടങ്ങുന്നതിനുള്ള കാരണം എല്ലാവർക്കുമുണ്ടാകും. തന്നിഷ്ടപ്രകാരമുള്ള പ്രവൃത്തിയാണെങ്കിൽ ആവേശഭരിതമാകും ആ തുടക്കം. പാതിവഴിയിലെത്തുന്നതുവരെ സംഭവബഹുലമാകും ഓരോ നിമിഷവും. പരിശീലനത്തിലൂടെയാർജിച്ച ശ്രദ്ധയും മുൻകരുതലും പ്രയോഗിക്കും. പക്ഷേ, ആദ്യപകുതി സഞ്ചരിക്കുമ്പോൾ ലഭിക്കുന്ന ആത്മവിശ്വാസവും ധൈര്യവും ക്രമേണ അഹംബോധത്തിനു വഴിമാറും. തുടക്കം പോലെയാകും തുടർച്ചയും എന്നു തെറ്റിദ്ധരിക്കും. യാത്ര മുഴുമിപ്പിക്കാൻ കഴിയാത്തവരുടെ പ്രശ്നം ആരംഭത്തിലുള്ള ആത്മവിശ്വാസക്കുറവല്ല, അടുത്ത ഘട്ടത്തിലെ ആത്മവിശ്വാസക്കൂടുതലാണ്. ലക്ഷ്യത്തിലെത്തുന്നതിന് ഒരുപടി മുൻപേ ലക്ഷ്യം കൈവരിച്ചതിന്റെ ആഹ്ലാദം തുടങ്ങുന്നവരൊന്നും ലക്ഷ്യത്തിലെത്തില്ല. ആനന്ദത്തിമർപ്പിനിടയിൽ അവർ പിടിവിട്ടു താഴെ വീഴും. ആത്മനിയന്ത്രണം ഏറ്റവുമാവശ്യം അവസാനഘട്ടത്തിലാണ്. സെഞ്ചറിക്ക് അഞ്ചു റൺസ് അകലെ മാത്രം നിൽക്കുന്നവർക്ക് ആ യാഥാർഥ്യം മനസ്സിലാകും.

അവസാന നിമിഷത്തെ അതീവജാഗ്രതയാണ് എല്ലാ വിജയികളുടെയും അടിത്തറ.

# ഉലയാതെ മുന്നോട്ടുപോകാം...

ശക്തമായ തിരകൾക്കിടയിലൂടെ കടലിൽ യാത്ര ചെയ്യുന്നതിനിടെ ഗുരു ശിഷ്യനോടു ചോദിച്ചു: ഈ തിരകൾ നിന്നെ എന്താണു പഠിപ്പിക്കുന്നത്? ശിഷ്യൻ പറഞ്ഞു: കാറ്റില്ലെങ്കിൽ വെള്ളം ശാന്തമാണ്; ആഗ്രഹങ്ങളും ഭയവുമില്ലെങ്കിൽ മനസ്സും. ഇത്രയും ശക്തമായ തിരകൾക്കിടയിലൂടെ ബോട്ട് യാത്ര നടത്താൻ നിനക്കിഷ്ടമാണോ? അല്ല എന്ന ശിഷ്യന്റെ മറുപടിക്കുശേഷം ഗുരു പറഞ്ഞു: പക്ഷേ, എല്ലാവരുടെയും യാത്ര ഇങ്ങനെയാണ്. കടലിനെ ശാന്തമാക്കാൻ ആർക്കും കഴിയില്ല. മനസ്സ് ശാന്തമാക്കാൻ ആർക്കും അറിയുകയുമില്ല.



ആത്മസംയമനത്തിന്റെ ബാലപാഠംപോലും പഠിക്കാതെ അപരനിയന്ത്രണത്തിന്റെ കുറുക്കുവഴികളും സമവാക്യങ്ങളും തേടി നടക്കുന്നതാണ് ചെറിയ പ്രതിസന്ധികളിൽപോലും ആളുകൾ അടിതെറ്റി വീഴാൻ കാരണം. പരിസരത്തെ നിയന്ത്രിക്കുന്നതിനുള്ള പാഠങ്ങൾ എല്ലായിടത്തും പഠിപ്പിക്കുന്നുണ്ട്. മനസ്സിനെ എങ്ങനെ ശാന്തമാക്കണമെന്നു പഠിപ്പിക്കുന്ന പരിശീലനക്കളരികൾ എവിടെയുണ്ടാകും? ചിന്തകളും ആഗ്രഹങ്ങളും ഭയവുമാണ് മനസ്സിന്റെ സമനില നിർണയത്തിലെ പ്രധാന ഘടകങ്ങൾ. അനാരോഗ്യകരമായ ചിന്തകളും അനഭിലഷണീയമായ ആഗ്രഹങ്ങളും അകാരണമായ ഭയവും ആരുടെ മനസ്സിനെയും ദുർബലപ്പെടുത്തും. അഭിനിവേശങ്ങളെയും പ്രവർത്തനമണ്ഡലങ്ങളെയും തിരുത്തുക എന്നതാണ് പരിഹാരം. ചിന്തിച്ചു വലുതാക്കുന്നതിന്റെ അത്രയും വലുപ്പം ഒരു പ്രശ്നത്തിനുമില്ല. അഭിലാഷങ്ങളെ വരുതിയിലാക്കിയാൽ ശമിക്കാത്ത പ്രശ്നങ്ങളും വിരളമാണ്.

ചില വിഷയങ്ങൾ അവഗണിക്കേണ്ടി വരും, ചിലതിനു പരിഹാരമാകാൻ കാത്തിരിക്കേണ്ടി വരും. മറ്റു ചിലതിനെ മറികടക്കേണ്ടി വരും. എന്തായാലും മനസ്സാണ് മരുന്ന്. കടലിനു കാറ്റിനെ അവഗണിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കടൽജലം എത്ര ശാന്തമായേനെ. പരിഗണനാർഹം പോലുമല്ലാത്ത കാര്യങ്ങളുടെ പേരിലാണ് പലപ്പോഴും മനസ്സ് അസ്വസ്ഥമാകുന്നത്. സ്വയം നിയന്ത്രിക്കാൻ കഴിയാത്ത ഒന്നിനെക്കുറിച്ച് വ്യാകുലപ്പെടുന്നതിൽ എന്തർഥം?. മനസ്സ് ചിലപ്പോൾ ശാന്തമാകണം, ചിലപ്പോൾ ബലപ്പെടണം, മറ്റു ചിലപ്പോൾ ആർദ്രമാകണം. ഓളമുണ്ടാകരുത് എന്ന നിർബന്ധമല്ല; ഉലയരുത് എന്ന തീരുമാനമാണ് തോണിയുടെ സഞ്ചാരം സുഗമമാക്കുന്നത്.

ശുഭദിനം 10-01-2023

# ചോദ്യങ്ങളോട് ചോടിക്കരുത്

വിദ്യാലയത്തിലെത്തിയ ചക്രവർത്തി കുട്ടികളുമായി സംഭാഷണത്തിലാണ്. ഒരു പെൺകുട്ടി എഴുന്നേറ്റുനിന്ന് പറഞ്ഞു: എനിക്കു രണ്ടു ചോദ്യങ്ങളാണുള്ളത്. ഒന്ന്, നമ്മളെന്തിനാണ് അയൽരാജ്യത്തെ ആക്രമിക്കുന്നത്? രണ്ട്, അവർക്കും നമ്മെപ്പോലെ ജീവിക്കാനുള്ള അവകാശമില്ലേ? അദ്ദേഹം ഉത്തരം പറയാൻ ശ്രമിച്ചപ്പോഴേക്കും ഇടവേളയ്ക്കുള്ള ബെല്ലടിച്ചു. പത്തു മിനിറ്റിനു ശേഷം എല്ലാവരും തിരിച്ചെത്തിയപ്പോൾ ഒരാൺകുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു: എനിക്കു നാലു ചോദ്യങ്ങളുണ്ട്. ഒന്ന്, നാമെന്തിനാണ് അയൽരാജ്യത്തെ ആക്രമിക്കുന്നത് ?. രണ്ട്, അവർക്കും ജീവിക്കാനുള്ള അവകാശമില്ലേ?. മൂന്ന്, എന്തിനാണ് ഇടവേളയ്ക്കുള്ള ബെല്ല് 15 മിനിറ്റ് നേരത്തേ അടിച്ചത് ?. നാല്, മുൻപു ചോദ്യം ചോദിച്ച പെൺകുട്ടി എവിടെ?



ചോദ്യങ്ങളോടുള്ള പ്രതികരണമാണ് ചോദ്യം ചോദിക്കുന്നതിന്റെ പ്രസക്തി തീരുമാനിക്കുന്നത്. ചോദ്യങ്ങൾക്കു മറുപടി ഇല്ലാതെ വരികയോ ചോദ്യകർത്താക്കൾ അപ്രത്യക്ഷമാകുകയോ ചെയ്യുന്നുണ്ടെങ്കിൽ അവിടെ പ്രതികരണശേഷിക്ക് എന്തർഥമാണുള്ളത്?. എല്ലാവരും വിമർശിക്കപ്പെടേണ്ടവരാണെന്നും വിമർശനങ്ങൾക്ക് അവയർഹിക്കുന്ന മറുപടി ലഭിക്കണമെന്നുമുള്ള അടിസ്ഥാനമര്യാദ നിലനിൽക്കുന്നിടത്തു മാത്രം ക്രിയാത്മക തർക്കവിഷയങ്ങൾ ഉയരും. അല്ലാത്ത ഇടങ്ങളിലെല്ലാം ഭയത്തിന്റെ അടിത്തറയിൽ രൂപംകൊള്ളുന്ന അന്ധമായ അനുസരണം മാത്രമേ കാണൂ. ഓരോ ചോദ്യവും ബഹുമാനിക്കപ്പെടണം. എല്ലാ ചോദ്യങ്ങൾക്കും ഉത്തരവും നൽകണം.

പ്രശ്നം ഉന്നയിക്കുന്നവർ അറിവില്ലാത്തവരോ അപകടകാരികളോ ആകാം. പക്ഷേ, അവരുയർത്തുന്ന പ്രശ്നങ്ങൾ കൃത്യമായ മറുപടി അർഹിക്കുന്നുണ്ട്. അവയിൽനിന്ന് ഒഴിഞ്ഞുമാറുന്നത് മറുപടി നൽകുന്നവരുടെ കഴിവില്ലായ്മയാണ്. തനിക്കിഷ്ടപ്പെടാത്ത ചോദ്യങ്ങളോട് ഒരാൾ എങ്ങനെ പ്രതികരിക്കുന്നു എന്നു പരിശോധിച്ചാൽ അയാളുടെ ആത്മവിശ്വാസവും പ്രതിപക്ഷ ബഹുമാനവും അളക്കാം. സ്വന്തം നയങ്ങളെയും തീരുമാനങ്ങളെയും സംശയിക്കുന്നവരാണ് അവയ്ക്കെതിരെയുള്ള പ്രതികരണങ്ങളെ ഭയപ്പെടുന്നത്.

സംശയങ്ങൾ ഉന്നയിക്കുന്നവരെയാണ് ആദരിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും. പ്രതികരണങ്ങളുള്ളവർ അഭിപ്രായവും ആർജവവും ഉള്ളവരാണ്. അവരുടെ സൂക്ഷ്മദൃഷ്ടിയാണ് എല്ലാ തീരുമാനങ്ങളുടെയും യഥാർഥ പ്രതിരോധം. നിലവാരമുള്ള വിമർശകരെ സംരക്ഷിക്കുകയാണ് അധികാരത്തിന്റെ ഇടനാഴികൾ കറ പുരളാതിരിക്കാനുള്ള എളുപ്പമാർഗം.

# ഉള്ളിൽ ആനന്ദം നിറയ്ക്കാം

കാർ കേടായതുകൊണ്ട് ധനികനു സൈക്കിൾ റിക്ഷാക്കാരനെ ആശ്രയിക്കേണ്ടി വന്നു. ലക്ഷ്യസ്ഥാനത്തെത്താൻ എത്ര രൂപയാകുമെന്നു ചോദിച്ചപ്പോൾ ഇരുപതെന്നു മറുപടി പറഞ്ഞ് മൂളിപ്പാട്ടും പാടി അയാൾ സൈക്കിൾ ചവിട്ടിനീങ്ങി. വരുമാനം വളരെക്കുറവായിട്ടും എങ്ങനെ ഇത്ര സന്തോഷവാനായിരിക്കാൻ കഴിയുന്നു എന്നതിൽ ധനികന് അദ്ഭുതം തോന്നി. അദ്ദേഹം റിക്ഷാക്കാരനെ വിരുന്നിനു ക്ഷണിച്ചു. വിഭവസമൃദ്ധമായ സദ്യയായിരുന്നെങ്കിലും അയാൾ ഇതിനു മുൻപും ഇത്തരം ഭക്ഷണം കഴിച്ചിട്ടുണ്ടെന്ന് അയാളുടെ ശരീരഭാഷയിൽനിന്നു മനസ്സിലായി. ഒരാഴ്ച തന്റെ വീട്ടിൽ താമസിക്കാൻ ധനികൻ അയാളെ ക്ഷണിച്ചു. വിലപിടിപ്പുള്ള വസ്ത്രങ്ങളും സൗകര്യങ്ങളും നൽകി. ഏഴു ദിവസം കഴിഞ്ഞപ്പോൾ തന്റെ കൊട്ടാരം വിടാൻ നിർദേശിച്ചു. അപ്പോഴും മൂളിപ്പാട്ടും പാടി പോകുന്ന അയാളോടു ധനികൻ ചോദിച്ചു: നിങ്ങളെങ്ങനെയാണ് എപ്പോഴും സന്തോഷവാനായിരിക്കുന്നത്? . അയാൾ പറഞ്ഞു: നിരാശപ്പെടാനുള്ള ഒരു കാരണവും ഇന്നുവരെ എന്റെ ജീവിതത്തിലുണ്ടായിട്ടില്ല.



പ്രതീക്ഷകളും പരിഭവങ്ങളുമില്ലാത്തവർക്കു മാത്രമേ എപ്പോഴും സന്തോഷിക്കാൻ കഴിയൂ. കാരണമുണ്ടാകുമ്പോൾ മാത്രം സന്തോഷിക്കുന്നവരുടെ ആനന്ദം എന്തെങ്കിലും നേട്ടങ്ങളുമായി ബന്ധപ്പെട്ടിരിക്കും. തങ്ങൾക്കുണ്ടാകുന്ന സുഖാനുഭവങ്ങൾക്കനുസരിച്ചു മാത്രമായിരിക്കും അവരിൽ ആഹ്ലാദം നിറയുക. ഒരു കാരണവുമില്ലാതെ സന്തോഷിക്കാൻ കഴിയുന്നവർ എപ്പോഴും പ്രസന്നവദനരായിരിക്കും. അവർക്കു മുന്നിൽ വരുന്ന ആളുകളും സഞ്ചരിക്കുന്ന പാതകളും കടന്നുപോകുന്ന അനുഭവങ്ങളുമെല്ലാം സന്തോഷം ജനിപ്പിക്കുന്നവ മാത്രമാണ്.

താരതമ്യങ്ങൾക്കു മുതിരുന്ന ഒരാൾക്കും ആനന്ദമുണ്ടാകില്ല. തന്റെയൊപ്പമുണ്ടായിരുന്നവർ ഒരുപടി ഉയർന്നാൽ അവർ ദുഃഖിക്കും. തന്നെക്കാൾ താഴ്ന്ന സ്ഥിതിയുള്ളവരെ കാണുമ്പോൾ മാത്രമാണ് അവർ ആശ്വസിക്കുക. എന്നും ഒരേ സുഖാവസ്ഥ ഉണ്ടാകണമെന്നു നിർബന്ധമുള്ളവർക്കു മനസ്സമാധാനം താൽക്കാലിക പ്രതിഭാസം മാത്രമായിരിക്കും. അനാരോഗ്യവും പരാജയവും തളർച്ചയുമെല്ലാം ഒഴിവാക്കാനാകാത്തതാണെന്ന തിരിച്ചറിവുണ്ടെങ്കിലേ അത്തരം സന്ദർഭങ്ങളിലും സന്തോഷം നിലനിർത്താനാകൂ. പരിപൂർണമായും തന്നിഷ്ടപ്രകാരം മാത്രം എല്ലാ കാര്യങ്ങളും സംഭവിക്കുന്ന ഒരു ദിനംപോലും ആരുടെയും ജീവിതത്തിലുണ്ടാകില്ല. കുറച്ചുനേരം ഒഴുക്കിനൊപ്പം നീന്തുന്നതും പുഴ ആസ്വദിക്കുന്നതിനുള്ള മാർഗമാണ്.

# പ്രസംഗിക്കാൻ എന്തെളുപ്പം

തന്നെ പിന്തുടർന്നാൽ ഈശ്വരനിലെത്തിച്ചേരാം എന്നു പറഞ്ഞുനടന്നിരുന്ന ഒരു ഗുരുവുണ്ടായിരുന്നു. അനുദിന ജീവിതത്തിലെ തിരക്കുകൾ മൂലം ആരും അദ്ദേഹത്തെ പിന്തുടരാൻ തയാറായില്ല. ഒരിക്കൽ ഒരാൾ അടുത്തെത്തി പറഞ്ഞു: ഞാൻ അങ്ങയെ പിന്തുടരാം. ഗുരു സമ്മതിച്ചു.

പിറ്റേന്നു മുതൽ വിവിധജോലികൾ ഗുരു അയാൾക്കു നൽകി. ജോലിഭാരം കൊണ്ട് അയാൾ തന്നെ വിട്ടുപോകുമെന്നു കരുതിയ ഗുരുവിനു തെറ്റി. വർഷങ്ങളോളം കഠിനജോലികൾ നൽകിയിട്ടും അയാൾ അതെല്ലാം ഭംഗിയായി നിറവേറ്റി.



ഒരു കുറ്റവും കണ്ടുപിടിക്കാനില്ലാതെ വിഷമിച്ച ഗുരു ശിഷ്യനു ജോലികൾ നൽകാതായി. കാരണമന്വേഷിച്ച അയാളോടു ഗുരു പറഞ്ഞു: ഈശ്വരനിലെത്താനുള്ള വഴി ഞാനാണെന്ന് ഇത്രയും നാൾ ഞാൻ കരുതി. താങ്കൾ വന്നതിൽപ്പിന്നെ എനിക്ക് എന്റെ വഴികൾപോലും നഷ്ടമായി. ദയവായി എന്നെവിട്ട് പോകുക.

പ്രവൃത്തികളില്ലാത്ത പ്രവാചകരുടെ മുഖമുദ്ര മൂടുപടമാണ്. പ്രഘോഷണങ്ങളിലൂടെ മാത്രം നടന്നുശീലിച്ചവരാണവർ. തലമുറകളായി തങ്ങളെ കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവരിൽനിന്നു മറുചോദ്യങ്ങളൊന്നും ഉയരില്ലെന്നവർക്കറിയാം. ആരും അനുകരിക്കില്ലെന്നുറപ്പായാൽ അകലെ നിന്നുള്ള പ്രസംഗങ്ങൾ എളുപ്പമാണ്.

കാമ്പില്ലാത്ത ഗുരുക്കന്മാരുടെ അതിപ്രസരമാണ് അടുത്ത തലമുറയുടെ ശാപം. പെരുമ്പറ കൊട്ടി പ്രഘോഷിച്ച കാര്യങ്ങളെല്ലാം സ്വന്തം ജീവിതത്തിൽ പ്രയോഗത്തിൽ വരുത്തേണ്ട സമയത്ത് അവർ സമ്പൂർണ പരാജയമായിത്തീരും. അനുഭവങ്ങളുള്ളവരും അനുഭവങ്ങൾ പകരാൻ ശേഷിയുള്ളവരുമാണ് ഗുരുക്കന്മാരാകേണ്ടത്. താൻ പറയുന്ന കാര്യങ്ങൾ തന്നെക്കാൾ ഗൗരവത്തിൽ ഉൾക്കൊണ്ട് പിന്തുടരാൻ തയാറാകുന്ന ആൾക്കൂട്ടം ഓരോ ഗുരുവിനും വെല്ലുവിളിയാണ്. പ്രഭാഷണത്തിനൊരുങ്ങുന്നതിനെക്കാൾ ഭംഗിയായി സ്വയം നവീകരണത്തിനൊരുങ്ങുകയാണ് പിന്നീടവരുടെ ദൗത്യം.

പിൻഗാമികൾ നിയോഗവും കർമശുദ്ധിയുമുള്ളവരാണെങ്കിൽ ഗുരുവിന്റെ ചുവടുകളും ചെയ്തികളും വിശുദ്ധമായേ പറ്റൂ. തന്നെക്കാൾ മികവും അഭിരുചിയുമുള്ള ശിഷ്യൻ ഗുരുവിന്റെ ശ്രേഷ്ഠതയെ പരീക്ഷിക്കും.

ഒപ്പത്തിനു നിൽക്കുന്ന ശിഷ്യനെ ഒരുപടി മുകളിലെത്തിക്കാൻ അസാധാരണമായ അനുഭവവും മനോഭാവവും ഉള്ള ഗുരുവിനു മാത്രമേ കഴിയൂ.

ശുഭദിനം 16-01-2023

# ശ്രേഷ്ഠം, ഓരോ ജന്മവും

അരയന്നം ബീച്ചിലൂടെ പറക്കുന്നതിനിടെ കാക്ക ചോദിച്ചു: നിങ്ങൾക്ക് എന്റെ അത്രയും വേഗത്തിൽ പറക്കാനാകുമോ? ഞാൻ കാണിക്കുന്ന അഭ്യാസങ്ങൾ കാണിക്കാമോ? നിങ്ങൾക്കു ചിറകടിക്കാനറിയാം എന്നല്ലാതെ നന്നായി പറക്കാനറിയുമോ? കാക്ക കുറെ അഭ്യാസങ്ങളും കാണിച്ചു. അരയന്നം ചോദിച്ചു: നിങ്ങൾക്കു കഴിവുണ്ട്, എന്തിനാണ് ഇത്ര ധാർഷ്ട്യത്തോടെ എന്നെ കളിയാക്കുന്നത്? കാക്ക പറഞ്ഞു: എനിക്കു വെല്ലുവിളി ഉയർത്തുന്ന എന്തെങ്കിലും നീ ചെയ്താൽ ഞാൻ കളിയാക്കൽ നിർത്താം.

അരയന്നം കാക്കയെ കടലിനുമുകളിലൂടെ പറക്കാൻ ക്ഷണിച്ചു. കുറച്ചു നേരം കഴിഞ്ഞപ്പോഴേക്കും കാക്ക ക്ഷീണിച്ചു. എങ്കിലും പുറത്തുകാണിച്ചില്ല. തളർന്നു കടലിൽ വീഴാറായപ്പോൾ അരയന്നം കാക്കയെ തന്റെ ചുമലിൽ താങ്ങി. നന്ദി പറയാനുള്ള ശേഷിപോലും അപ്പോൾ കാക്കയ്ക്ക് ഇല്ലായിരുന്നു.

എല്ലാ ചിറകുകളും ഒരുപോലെയല്ല, എല്ലാ കാലുകൾക്കും ഒരേ വേഗമല്ല, എല്ലാ കൈകൾക്കും ഒരേ കരവിരുതല്ല. ഒരുപോലെ കാണപ്പെടുന്നവയ്ക്കെല്ലാം ഒരേ കാതലും കരുത്തുമാണെന്ന ധാരണ വ്യക്തികളെയും വസ്തുക്കളെയും അവയർഹിക്കാത്ത തീരങ്ങളിലെത്തിക്കും. എല്ലാ നാൽക്കാലികൾക്കും ഒരേ സ്വഭാവമോ വേട്ടയാടൽ തന്ത്രങ്ങളോ അല്ല. ഇരുകാലികൾ എല്ലാ കാര്യത്തിലും വ്യത്യസ്തരാണ്. എല്ലാവരും തന്നെപ്പോലെയാകണമെന്ന പിടിവാശി രണ്ട് അബദ്ധങ്ങളിലേക്കു നയിക്കും. ഒന്ന്, സ്വയം സൃഷ്ടിക്കുന്ന അഹംബോധം. രണ്ട്, അപരനിൽ പകരുന്ന അപകർഷതാബോധം. പരിഹാസങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ളവരല്ല എല്ലാവരും. പലരും തങ്ങളുടെ ആത്മാംശം നഷ്ടപ്പെട്ടു തളർന്നുവീഴും. സ്വന്തം മികവുയർത്താൻ മറ്റുള്ളവരെ അധിക്ഷേപിക്കണമെന്ന ദുശ്ശീലങ്ങളുടെ ഇരകളായി കളംവിട്ടൊഴിയുന്ന അനേകരുണ്ട്.



എല്ലാം തികഞ്ഞവരായും ഒന്നുമില്ലാത്തവരായും ആരുമില്ല. ഇതിനിടയിൽ ഓരോരുത്തരും അർഹിക്കുന്ന, അവരവർ കണ്ടെത്തേണ്ടതായ തങ്ങളുടെ സ്വകാര്യ ഇടങ്ങളുണ്ട്. അവിടെയാണ് അവർക്കു മികവു പുലർത്താനാകുക. അതു ചിലപ്പോൾ താരതമ്യങ്ങൾക്കുപോലും അതീതമായിരിക്കും. പുമ്പാറ്റയാകാത്ത പുഴുക്കൾക്കും അനന്യതയോടെ ജീവിക്കാനുള്ള അവകാശമുണ്ട്. അവഹേളിക്കപ്പെടേണ്ടതല്ല ഒരു ജന്മവും.

**ശുഭദിനം** 18-01-2023

# പഠിക്കാൻ പഠിച്ചില്ലെങ്കിൽ...

പണ്ഡിതൻ സന്യാസിയുടെ അടുത്തെത്തി പറഞ്ഞു: എനിക്കു സത്യം എന്തെന്നറിയണം. സന്യാസി ചോദിച്ചു: താങ്കളാരാണ്. അയാൾ പറഞ്ഞു: താങ്കൾക്കെന്നെ അറിയില്ലേ? ലോകമറിയുന്ന പണ്ഡിതനാണ് ഞാൻ. എങ്കിലും എനിക്കു സത്യം കണ്ടെത്താനായിട്ടില്ല. അറിയുന്ന കാര്യങ്ങളെല്ലാം എഴുതിക്കൊണ്ടുവരാൻ സന്യാസി ആവശ്യപ്പെട്ടു. മൂന്നു വർഷം കഴിഞ്ഞ് വലിയ ബാഗ് നിറയെ കടലാസുകളുമായി അയാളെത്തി. സന്യാസി പറഞ്ഞു. ഇതു മുഴുവൻ വായിക്കാൻ എനിക്കു സമയമില്ല. ചുരുക്കിയെഴുതു. വീണ്ടും മൂന്നു മാസം കഴിഞ്ഞ് പണ്ഡിതനെത്തിയപ്പോഴും നൂറുകണക്കിനു പേജുകൾ ഉണ്ടായിരുന്നു. വീണ്ടും പലതവണ വെട്ടിക്കുറയ്ക്കാനാവശ്യപ്പെട്ടപ്പോൾ പണ്ഡിതനു കാര്യം മനസ്സിലായി. അയാൾ ഒന്നുമെഴുതാതെ ഒരു കടലാസ് നൽകിയിട്ടു പറഞ്ഞു: ഇപ്പോൾ ഞാൻ ശൂന്യമാണ്. ഗുരു പറഞ്ഞു: നമുക്കു പഠനമാരംഭിക്കാം.



എന്തിനെക്കുറിച്ചാണോ പഠിക്കാനാഗ്രഹിക്കുന്നത് അതിന്റെ ശൂന്യതയിൽനിന്നുവേണം തുടങ്ങാൻ. മുൻവിധികളും പാതി അറിവുകളുമായി എന്തിനെ സമീപിച്ചാലും സമ്പൂർണജ്ഞാനം ഒരിക്കലും സാധ്യമാകില്ല. അഹംഭാവത്തിലും അപകർഷതയിലും തട്ടി അത്തരം അറിവുകൾക്കു ക്ഷതമേൽക്കും. ഒന്നും അറിയാത്ത ആളുകളെ പഠിപ്പിക്കാനാണ് എളുപ്പം. ഒന്നുമറിയില്ലെങ്കിൽ ഗുരുവിനും ശിഷ്യനുമിടയിൽ പഠിക്കേണ്ട വിഷയങ്ങളെക്കുറിച്ചുള്ള സമവാക്യങ്ങൾ എളുപ്പത്തിൽ രൂപപ്പെടും. എന്തെങ്കിലും അറിയുമെങ്കിൽ ആ അറിവിന്റെ തിരുത്തലോ രൂപമാറ്റമോ വേണ്ടി വന്നേക്കാം. ഒന്നും എഴുതാത്ത പലകയിൽ എന്തുമെഴുതാം. എന്തെങ്കിലും എഴുതിയിട്ടുള്ള പലകയിൽ നിലവിലുള്ളതു മായ്ച്ച ശേഷമേ എഴുതാനാകു. വേരൂന്നിയ തെറ്റുകൾ പിഴുതെറിയുക എന്നതാണ് പുതിയ ശരികൾ വളർത്താനാഗ്രഹിക്കുന്നവർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പഠിക്കാനിരിക്കുന്നവർക്ക് എന്തെല്ലാമറിയാമെന്നും അവ പുതിയ പഠനത്തിന് എങ്ങനെ പ്രയോജനപ്പെടുമെന്നും തടസ്സമാകുമെന്നും തിരിച്ചറിഞ്ഞ് പഠിതാക്കളെ ഒരുക്കുന്നവർക്കു മാത്രമേ പാഠങ്ങൾ ശരിയായ രീതിയിൽ പകരാനാകു.

ചതുരത്തിനു വൃത്തത്തെ ഉൾക്കൊള്ളാനാകില്ല. അളവിലും രൂപത്തിലും പാകപ്പെട്ടെങ്കിൽ മാത്രമേ അതു സാധ്യമാകൂ. അറിഞ്ഞതിന്റെ ബാക്കി അറിയാനുള്ള ശ്രമമല്ല, ആത്യന്തികമായി എന്ത് എന്നറിയാനുള്ള ശ്രമമാണ് യഥാർഥപഠനം. സ്വന്തമാക്കിയ ധാരണകളെയും അറിവുകളെയും തിരുത്താൻ ശേഷിയുള്ളവർക്കു മാത്രമാണ് പുതിയ അറിവുകൾ പൂർണതയിൽ നേടാനാകുന്നത്.

# പ്രവൃത്തിയിലെ വിശുദ്ധി

അശുദ്ധാത്മാക്കൾ ദൈവത്തോട് പരാതി പറഞ്ഞു. ഞങ്ങളുടെ വീട് വളരെ ചെറുതാണ്, വിശുദ്ധാത്മാക്കളുടേത് വലിയ കൊട്ടാരവും. ഈ വേർതിരിവ് പാടില്ല. ദൈവം പറഞ്ഞു. ഞാൻ എല്ലാവരെയും ഒരുപോലെയാണു സൃഷ്ടിച്ചത്. നിങ്ങളുടെ പ്രവൃത്തികളാണു നിങ്ങളെ അശുദ്ധമാക്കിയത്. എങ്കിലും നിങ്ങളുടെ പരാതിക്ക് പരിഹാരം കാണാം. രണ്ടു കൂട്ടർക്കും പുതിയ ഭവനം പണിയാം. അതിനുള്ള ഇഷ്ടികകൾ ഇവിടെത്തന്നെ നിർമിക്കും. ലോകത്തിലൊരാൾ നുണ പറയുമ്പോഴും സത്യം പറയുമ്പോഴും ഇവിടെ ഓരോ ഇഷ്ടിക പണിയും. നുണകളുടെ ഇഷ്ടികകൾ വേണോ സത്യങ്ങളുടെ ഇഷ്ടിക വേണോ എന്നു നിങ്ങൾക്കു തീരുമാനിക്കാം. നുണയാണു കൂടുതൽ പറയപ്പെടാൻ സാധ്യത എന്നു മനസ്സിലാക്കി അശുദ്ധാത്മാക്കൾ അവ തിരഞ്ഞെടുത്തു. അവരുടെ കൊട്ടാരത്തിന്റെ നിർമാണം പാതി ആയപ്പോഴും വിശുദ്ധാത്മാക്കളുടെ വീട് അടിത്തറ പോലും തീർന്നില്ല. പക്ഷേ, ഒരു ദിവസം അശുദ്ധാത്മാക്കളുടെ വീട് അപ്രത്യക്ഷമായി. കാരണമന്വേഷിച്ച അവരോട് ദൈവം പറഞ്ഞു. നിങ്ങളുടെ ആളുകൾ പറഞ്ഞ നുണകളെല്ലാം ഇന്നലെ പിടിക്കപ്പെട്ടു.



പ്രവൃത്തികളിലൂടെയാണു വേർതിരിക്കപ്പെടേണ്ടത്. സ്വന്തം ജനനത്തിന്റെ കാര്യത്തിൽ ആർക്കും ഉത്തരവാദിത്തമില്ല. വിശുദ്ധമോ അശുദ്ധമോ ചെറുതോ വലുതോ ഉയർന്നതോ താഴ്ന്നതോ അല്ല ഒരു ജന്മവും. പിന്നെന്തിനാണു ജനിക്കുമ്പോൾ തന്നെ ചിലർ ഉത്കൃഷ്ടരും ചിലർ നികൃഷ്ടരുമായി മുദ്രകുത്തപ്പെടുന്നത്. മരണം വരെയുള്ള കർമങ്ങൾ നോക്കി വിധിയെഴുതിയാൽ അവഗണിക്കപ്പെട്ട പലരും വിശിഷ്ടരാകുന്നതും വിശുദ്ധരാകുമെന്നു വിശ്വസിച്ചിരുന്ന പലരും അധമരാകുന്നതും കാണാം. ജനിച്ച വീടിന്റെ പാരമ്പര്യമഹിമയുടെ പേരിൽ ഒരാളും പുകഴ്ത്തപ്പെടാനോ ഇകഴ്ത്തപ്പെടാനോ പാടില്ല. പ്രവൃത്തികൾക്കനുസരിച്ചാണു പ്രതിഫലം ലഭിക്കുന്നതെന്നുറപ്പായാൽ എല്ലാവരുടെയും പ്രവൃത്തികൾ വിശുദ്ധമാകും. അശുദ്ധവഴികളിലൂടെ സഞ്ചരിച്ചാൽ അതിവേഗം ലക്ഷ്യത്തിലെത്താമെന്നും അതാരും കണ്ടുപിടിക്കില്ലെന്നുമുള്ള അനാരോഗ്യകരമായ ആത്മവിശ്വാസമുണ്ടെങ്കിൽ ആർക്കും അത്തരം കർമങ്ങളിലേക്കു തിരിയാനുള്ള പ്രലോഭനമുണ്ടാകും.

ഒപ്പമുണ്ടായിരുന്നവർ ദ്രുതഗതിയിൽ ഉയരുന്നതുകാണുമ്പോൾ അതേവഴി പിന്തുടരാനുള്ള വശീകരണത്തെ അതിജീവിക്കുക എന്നതാണു ശരിയായ വഴികളിലൂടെ സഞ്ചരിക്കുന്നവരുടെ ഏറ്റവും വലിയ വെല്ലുവിളി. അടിത്തറകൾക്ക് ആത്മബലം നഷ്ടപ്പെട്ടാൽ മേൽക്കൂരകൾ പൊളിയാൻ പിന്നെ അധികസമയം വേണ്ടിവരില്ല.

# സമ്പാദിക്കാം, പങ്കുവയ്ക്കാം

വ്യാപാരി ദിവസവും രാവിലെ കുറെനേരം പ്രാർഥിക്കും. പിന്നീട് ഉച്ചവരെ കട തുറക്കും. ഉച്ചകഴിഞ്ഞു സന്നദ്ധപ്രവർത്തനങ്ങളിലേർപ്പെടും. നാട്ടിലെ ധനികൻ എത്തി വ്യാപാരിയുടെ തലയിൽ തൊപ്പി വച്ചുകൊടുത്തിട്ടു പറഞ്ഞു: ഇത് ഏറ്റവും വിഡ്ഢിയായ മനുഷ്യനുള്ള കിരീടമാണ്. താങ്കളല്ലാതെ മറ്റാരെങ്കിലും ഉച്ചവരെ മാത്രം കട തുറക്കുമോ. രാത്രിവരെ കടയുണ്ടെങ്കിൽ എത്രയധികം വരുമാനം കിട്ടും. തന്നെക്കാൾ വിഡ്ഢിയായ ഒരാളെ കണ്ടാൽ ഈ തൊപ്പി അയാൾക്കു നൽകാം.



നാളുകൾക്കുശേഷം ധനികൻ രോഗബാധിതനായി. സന്ദർശനത്തിനെത്തിയ വ്യാപാരി ചോദിച്ചു: നിങ്ങളുടെ കൂടെപ്പോരുന്ന എന്തെങ്കിലുമുണ്ടോ? ഭാര്യയോ മക്കളോ പോരുമോ? ധനികൻ പറഞ്ഞു: ഇല്ല. വ്യാപാരി തനിക്കു ലഭിച്ച തൊപ്പി തിരിച്ചുകൊടുത്തിട്ടു പറഞ്ഞു: ഞാൻ എന്നെക്കാൾ വിഡ്ഢിയായ മനുഷ്യനെ കണ്ടു. നിങ്ങൾ സമ്പാദിച്ചതൊന്നും നിങ്ങളുടെ കൂടെപ്പോരില്ല. ഞാൻ ചെയ്ത പ്രവൃത്തികൾ എന്റെ കൂടെയുണ്ടാകും.

വിനിമയശേഷിയാണ് സമ്പാദന മികവിനെക്കാൾ പ്രസക്തം. ആർക്കും ഉപകരിക്കാത്ത സമ്പാദ്യങ്ങൾ എല്ലാവരും സ്വരൂപിക്കുന്നതാണോ അവനവനു ലഭിക്കുന്നവ ക്രിയാത്മകമായി വിനിയോഗിക്കുന്നതാണോ ഉചിതം.

നിക്ഷേപസൗഹൃദ മനസ്സ് രൂപപ്പെടാത്തതാണ് പലരുടെയും സ്വത്തുക്കൾ ഉപയോഗരഹിതമാകുന്നതിനു കാരണം. രണ്ടു തരം നിക്ഷേപങ്ങളുണ്ട്; നിർജീവ നിക്ഷേപവും ക്രിയാത്മക നിക്ഷേപവും. ലാഭമാണ് നിർജീവ നിക്ഷേപത്തിന്റെ മുഖവില. ഏറ്റവും കൂടുതൽ ലാഭം കിട്ടുന്നിടത്താകും നിക്ഷേപം മുഴുവൻ. പ്രയോജനമാണ് ക്രിയാത്മക നിക്ഷേപത്തിന്റെ താങ്ങുവില. സ്വന്തം ജീവിതത്തിനും മറ്റുള്ളവരുടെ ജീവിതത്തിനും ലഭിക്കുന്ന പ്രയോജനങ്ങൾക്കനുസരിച്ച് പണവിനിയോഗവും മാറും.

എന്തെങ്കിലും ഉപകാരം എന്നെങ്കിലും ഉണ്ടാകുമ്പോഴാണ് അപരന്റെ കടപ്പാടിന്റെ പുസ്തകത്തിൽ നമ്മുടെ പേരും ഉൾപ്പെടുക. ഓരോ മരണവും ജീവിച്ചിരിക്കുന്നവർക്കുള്ള സന്ദേശമാണ്. ചരമപ്രസംഗത്തിൽ ആരും സമ്പാദ്യത്തെക്കുറിച്ചു സംസാരിക്കാറില്ല, സൽക്കർമങ്ങളെക്കുറിച്ചാണു വാചാലമാകുന്നത്.

എല്ലാ സ്ഥിരനിക്ഷേപങ്ങളും അസ്ഥിരമാണ്. എല്ലാവരും എല്ലാറ്റിന്റെയും താൽക്കാലിക കാവൽക്കാർ മാത്രമാണ്. എന്നിട്ടും എല്ലാം തന്റേതാക്കുക എന്നതാണ് ജീവിതലക്ഷ്യമെന്നു തെറ്റിദ്ധരിച്ച് അവസാനം ഒന്നും തന്റേതായില്ല എന്നു കണ്ടെത്തുമ്പോൾ ഉണ്ടാകുന്നത് കുറ്റബോധം മാത്രമാണ്. സ്ഥിരനിക്ഷേപത്തിന്റെ വലുപ്പമാണ് ജീവിതവിജയത്തിന്റെ അളവുകോൽ എന്ന തെറ്റിദ്ധാരണ അവസാനശ്വാസത്തിനു തൊട്ടുമുൻപു മാറിയിട്ട് എന്തു പ്രയോജനം. മരണശേഷവും നിലനിൽക്കുന്നതൊന്നും ചെയ്തില്ലെങ്കിൽ പിന്നെന്തിനാണു ജീവിതം.

**ശുഭദിനം** 24-01-2023

# അകറ്റാം ആകുലത

ഒരു ദിവസമെങ്കിലും സ്കൂളിൽ ക്ലാസ് നടക്കരുത് എന്നത് ആ രണ്ടു വികൃതിക്കുട്ടികളുടെയും ആഗ്രഹമായിരുന്നു. സ്കൂൾമുറ്റത്തു മേഞ്ഞുനടക്കുന്ന മൂന്ന് ആടുകളെ കണ്ടപ്പോൾ അവർക്ക് ഒരാശയം തോന്നി. വൈകുന്നേരം എല്ലാവരും സ്കൂളിൽനിന്നു പോയപ്പോൾ അവർ മൂന്ന് ആടുകളെയും തുറന്നുകിടന്ന വാതിലിലൂടെ ക്ലാസ്മുറിക്കകത്തേക്കു വിട്ടു. അവയുടെ കഴുത്തിൽ 1, 2, 4 എന്ന നമ്പറുകളും എഴുതിത്തൂക്കി. പിറ്റേന്നു ക്ലാസിലെത്തിയ കുട്ടികൾ ആടുകളെ പിടിക്കാനിറങ്ങി. മൂന്നെണ്ണത്തെയും പിടിച്ചുകഴിഞ്ഞപ്പോൾ ഒരു കുട്ടി പറഞ്ഞു: നിങ്ങൾ ആടുകളുടെ കഴുത്തിലെ നമ്പർ ശ്രദ്ധിച്ചോ. മൂന്നാം നമ്പർ ആട് ഇക്കൂട്ടത്തിലില്ല. അത് ഇവിടെ എവിടെയോ കാണും. എല്ലാവരും മൂന്നാം നമ്പർ ആടിനെ തിരയാൻ തുടങ്ങി. വൈകുന്നേരം വരെ അന്വേഷിച്ചിട്ടും അവർക്കതിനെ കിട്ടിയില്ല. നാലുമണിക്ക് മണിയടിച്ചപ്പോൾ എല്ലാവരും വീടുകളിലേക്കു പോയി.



ആകുലപ്പെടാൻ എന്തെങ്കിലും എപ്പോഴുമുണ്ടാകണം എന്നത് എന്തിനാണ് നിർബന്ധിത നിയമമായി കൊണ്ടുനടക്കുന്നത്. ആഘോഷിക്കാൻ ഒരു കാരണം ആവശ്യമായവർക്ക് വ്യാകുലപ്പെടാൻ ഒരു കാരണവും വേണ്ട. അപ്രസക്തമായ കാരണങ്ങളുടെയും ഇല്ലാത്ത കാര്യങ്ങളുടെയും പേരിലാണു പലരുടെയും ദുഃഖം.

വൈകാരിക ദൗർബല്യം മൂലം അസ്വസ്ഥതയുണ്ടാകുമ്പോൾ രണ്ടു കാര്യങ്ങൾ സ്വയം ചോദിക്കുന്നതു നല്ലതാണ്. ഒന്ന്, സ്വയം നിയന്ത്രണത്തിലല്ലാത്തവയെക്കുറിച്ച് എന്തിനാണ് ആകുലപ്പെടുന്നത്. പെയ്യുന്ന മഴയെയോ തെളിയുന്ന വെയിലിനെയോ നിരോധിക്കാൻ ആർക്കുമാകില്ല. അതങ്ങനെ തുടരുകയും യഥാസമയം നിലയ്ക്കുകയും ചെയ്യും. രണ്ട്, സ്വയം നിയന്ത്രിക്കാൻ കഴിയുന്നവയെക്കുറിച്ച് എന്തിനാണ് ആകുലപ്പെടുന്നത്. അവയെ വരുതിയിലാക്കാനുള്ള പദ്ധതികൾ സ്വയം രൂപപ്പെടുത്താവുന്നതല്ലേയുള്ളൂ. കുട വാങ്ങുകയോ മരം നടുകയോ ചെയ്താൽ പരിഹാരമാകുമെങ്കിൽ പിന്നെന്തിന് ഉത്കണ്ഠ.

ശുഭദിനം 25-01-2023

# സമാധാനം തിരയുന്നവർ

ധാരാളം സമ്പത്തുണ്ടെങ്കിലും അയാൾക്കു മനസ്സമാധാനമില്ല. ചോദിക്കുന്നതെന്തും നൽകുന്ന ഒരു സന്യാസിയുണ്ടെന്നു കേട്ട് അയാൾ അവിടെയെത്തി. കാര്യമറിഞ്ഞപ്പോൾ, തന്നോടൊപ്പം താമസിക്കാൻ സന്യാസി അയാളെ ക്ഷണിച്ചു. ആദ്യദിനം ധനികനെ പകൽ മുഴുവൻ വെയിലിൽ ഇരുത്തിയശേഷം സന്യാസി തന്റെ കുടിലിനുള്ളിലിരുന്നു. ദേഷ്യംവന്നെങ്കിലും അയാൾ പ്രതികരിച്ചില്ല. രണ്ടാം ദിവസം അയാൾക്ക് ഒന്നും നൽകാതെ സന്യാസി അയാളുടെ മുന്നിലിരുന്നു വയറു നിറയെ ഭക്ഷിച്ചു. കുപിതനായി പോകാനിറങ്ങിയ അയാൾ പറഞ്ഞു. എനിക്ക് ഇവിടെനിന്ന് ഒന്നും കിട്ടിയില്ലെന്നു മാത്രമല്ല, എന്നെ താങ്കൾ കഷ്ടപ്പെടുത്തുകയും ചെയ്തു. സന്യാസി പറഞ്ഞു. ഞാൻ തന്നെങ്കിലും നീ ഒന്നും എടുക്കാത്തത് എന്റെ കുഴപ്പമല്ല. നിന്നെ വെയിലിൽ നിർത്തിയപ്പോഴും പട്ടിണിക്കിട്ടപ്പോഴും ഞാൻ ഒരു കാര്യം പറയാൻ ശ്രമിച്ചു. എന്റെ തണലോ ഭക്ഷണമോ നിനക്ക് ഉപകരിക്കില്ല. നിന്റെ സമ്പത്ത് നീ ഉണ്ടാക്കിയതാണ്. നിന്റെ സമാധാനവും നീ തന്നെ കണ്ടെത്തണം.

സന്തോഷം കൊടുക്കുന്ന വിപണനശാലകളില്ല. സമാധാനം വിൽക്കുന്ന സൂപ്പർമാർക്കറ്റുകളുമില്ല. വസ്തുവകകൾ മാത്രമാണ് അളന്നുതൂക്കി ലഭിക്കുന്നത്. വൈകാരികാനുഭൂതികൾ ഉറവിടങ്ങളും ഉദ്ദിഷ്ടസ്ഥാനങ്ങളുമില്ലാതെ ഉണ്ടാകുന്നതാണ്. സമ്പത്തും സൗകര്യങ്ങളും സ്വന്തമാക്കിയതുപോലെ ശാന്തിയും മനഃ



സുഖവും കൈവശമാക്കാം എന്നു കരുതുന്നതാണ് സമ്പാദ്യശീലത്തിലെ അടിസ്ഥാന തെറ്റ്.

പുറത്തുനിന്നു ലഭിക്കുന്ന പ്രതിഫലങ്ങളുമുണ്ട്, അകമേ നിന്നു സ്വയം രൂപപ്പെടുന്ന പ്രതിഫലങ്ങളുമുണ്ട്. ലാഭവും നഷ്ടവും പുറമെനിന്നു ലഭിക്കും. സന്തോഷവും സങ്കടവും ഉള്ളിൽനിന്നു പുറപ്പെടുന്നതാണ്. സന്തോഷത്തിനുവേണ്ടിയുള്ള കർമങ്ങളും സന്തോഷപൂർവമുള്ള കർമങ്ങളും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നവരുടെ പ്രവൃത്തികൾ മാത്രമേ ആസ്വാദ്യകരമാകൂ.

വിയർത്തൊഴുകുന്നവനാണു കുളിർകാറ്റ് അനുഭവവേദ്യമാകുന്നത്. ശീതീകരിച്ച മുറിയിലിരിക്കുന്നവനു കാറ്റ് ഒരനുഭൂതിയേയല്ല. വെയിലുകൊണ്ടവനാണു തണലിന്റെ ആശ്വാസം മനസ്സിലാവുക. ചെയ്യുമ്പോൾ മാത്രമല്ല, ചെയ്തതിനുശേഷവും സന്തോഷം നിലനിർത്തുന്ന കാര്യങ്ങൾ മാത്രമേ സമാധാനം നൽകൂ.

# സ്വന്തമല്ലൊന്നും എക്കാലവും

സ്വത്തിനുവേണ്ടി മക്കൾ തമ്മിലുള്ള തർക്കം അതിരുകടന്നപ്പോൾ അപ്പൻ അവരോടു പറഞ്ഞു: വഴക്കു നിർത്തി എന്റെ കൂടെവന്നാൽ അമൂല്യനിധി കാണിക്കാം. മണിക്കൂറുകൾ നീണ്ട ബസ് യാത്രയ്ക്കുശേഷം ഉൾഗ്രാമത്തിലെ ബംഗ്ലാവിൽ അവരെത്തി. അതു തുറന്നപ്പോൾ ഉള്ളിൽ നിറയെ പ്രാവുകൾ മാത്രം. അപ്പൻ കരയുന്നതു കണ്ട് കാര്യമന്വേഷിച്ച മക്കളോട് അയാൾ പറഞ്ഞു: ഞാനും എന്റെ സഹോദരനും തമ്മിൽ വഴക്കിട്ടത് ഈ വീടിനുവേണ്ടിയായിരുന്നു. ഞാൻ ജയിച്ചു. എനിക്കു വീടു കിട്ടി. അവൻ ദൂരെയെവിടെയോ പോയി. നിങ്ങൾ ജനിച്ചത് ഇവിടെയാണ്. പിന്നീട് നമുക്ക് ഈ വീട് ഉപേക്ഷിക്കേണ്ടിവന്നു. അന്ന് ഈ വീട് വേണ്ടെന്നു വച്ചിരുന്നെങ്കിൽ എന്റെ അനുജനുണ്ടാകുമായിരുന്നു കൂടെ.



ഒന്നും ആർക്കും എക്കാലവും സ്വന്തമല്ല. പ്രായപൂർത്തിയായതിനുശേഷവും പ്രായാധിക്യം ആകുന്നതിനുമുൻപുമുള്ള കുറച്ചുവർഷങ്ങൾ ഉപയോഗിച്ചു മടങ്ങാം. വീതംവച്ചും വെട്ടിപ്പിടിച്ചും സ്വന്തമാക്കാനുള്ള ആഗ്രഹം യാത്ര ചെയ്യുന്ന ബസിലെ സീറ്റ് തന്റേതു മാത്രമാകണമെന്നു ചിന്തിക്കുന്നതുപോലെയാണ്. താൻ കയറുന്നതിനു മുൻപും ഇറങ്ങിയതിനു ശേഷവും അവിടെ മറ്റൊരാളുണ്ടാകുമെന്നുള്ള യുക്തിബോധം ഉണ്ടെങ്കിൽ ആരും ഒന്നിനുവേണ്ടിയും പിടിവാശി എടുക്കില്ല. എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ടത് സമ്പത്തല്ല, സൗഹൃദവും സമ്പർക്കവുമാണ് എന്നു തിരിച്ചറിയാത്തവർ സ്വരൂപിച്ചതെല്ലാം പ്രേതാലയങ്ങളായി അവശേഷിക്കും.

ഒരു കാര്യം നേടുമ്പോൾ അതിന്റെ പേരിൽ മറ്റെന്തൊക്കെ നഷ്ടപ്പെടുന്നുണ്ട് എന്നതുകൂടി കണക്കിലെടുത്തുവേണം നേട്ടത്തിന്റെ വലുപ്പം അളക്കാൻ. കാലം മാറുന്നതിനനുസരിച്ചു താൽപര്യങ്ങളും മുൻഗണനകളും മാറും. അപ്പോഴും ഒരിക്കലും മാറാതെ നിൽക്കുന്ന കുറെ ബന്ധങ്ങളെങ്കിലും ഉണ്ടാകണം. ഒരിക്കലും നഷ്ടപ്പെടരുതാത്തതിനെ നഷ്ടപ്പെടുത്തി താൽക്കാലിക സുഖങ്ങളെ പ്രാപിക്കുന്നതാണ് പിന്നീടുണ്ടാകുന്ന കുറ്റബോധങ്ങളിൽ ഏറ്റവും വലുത്.

**ശുഭദിനം** 31-01-2023

# ആഗ്രഹിച്ചാൽ മതിയോ?

തനിക്കുശേഷം ശിഷ്യത്വം സ്വീകരിച്ചയാൾക്കു കൂടുതൽ അറിവ് ഗുരു പകർന്നുനൽകിയെന്ന പരിഭവവുമായെത്തിയ ശിഷ്യനോടു ഗുരു ഒരു കഥ പറഞ്ഞു: ഒരു യാത്രക്കാരനു തന്റെ യാത്രയ്ക്കിടയിൽ ദാഹം തോന്നി. വഴിവക്കിൽ കിണർ കണ്ടെങ്കിലും അതിൽ ബക്കറ്റും കയറും ഇല്ലാത്തതിനാൽ വെള്ളം കുടിക്കാതെ അയാൾ യാത്ര തുടർന്നു. കുറച്ചുകഴിഞ്ഞെത്തിയ മറ്റൊരു യാത്രക്കാരനും ദാഹംമൂലം കിണറിനടുത്തെത്തി. ബക്കറ്റും കയറും അവിടെല്ലാം തിരഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ ഒരു ഉപേക്ഷിക്കപ്പെട്ട പാത്രം കിട്ടി. പുല്ലുകൾ കൂട്ടിക്കെട്ടി കയറുണ്ടാക്കി അയാൾ മതിയാവോളം വെള്ളം കോരിക്കുടിച്ചു. ആർക്കായിരുന്നു കൂടുതൽ ദാഹമെന്നു ഗുരു ചോദിച്ചപ്പോൾ ശിഷ്യൻ പറഞ്ഞു, രണ്ടാമത്തെയാൾക്ക്. ഗുരു പറഞ്ഞു: നിന്റെ കാര്യത്തിലും അതുതന്നെയാണു സംഭവിച്ചത്.



ആന്തരിക ചോദനയാണ് അഭിവൃദ്ധിയുടെ അടിത്തറ. ആഗ്രഹങ്ങളും അഭിനിവേശവും തമ്മിൽ തീവ്രതയിലും പിന്തുടർച്ചാശൈലിയിലും വ്യത്യാസമുണ്ട്. ആഗ്രഹങ്ങൾ പ്രലോഭനം മൂലമാകാം, നൈമിഷികമാകാം, ഒരു പ്രത്യേക സുഖാവസ്ഥ മുന്നിൽകണ്ടുകൊണ്ടാകാം. സ്വസ്ഥമായ ഇരിപ്പിടവും കണ്ണടച്ചു സ്വപ്നം കാണാനുള്ള ശേഷിയുമുണ്ടെങ്കിൽ ആർക്കും എന്തും ആഗ്രഹിക്കാം. അതിന് അതിർവരമ്പുകളില്ല, ഭഗീരഥപ്രയത്നത്തിന്റെ ആവശ്യവുമില്ല.

ഒരാഗ്രഹത്തിൽനിന്നു മറ്റൊന്നിലേക്കു വളരെപ്പെട്ടെന്നുതന്നെ മാറാൻ സാധ്യതയുള്ളതുകൊണ്ട് ഒരാഗ്രഹംപോലും നേടിയില്ലെങ്കിലും എപ്പോഴും എന്തിനെക്കുറിച്ചെങ്കിലും ആനന്ദിക്കാനുണ്ടാകും.

അഭിനിവേശം ഉൾത്തുടിപ്പാണ്. എന്തഭിലഷിച്ചോ അതിലെത്തിച്ചേരുംവരെ അതിനുവേണ്ടിയുള്ള ദാഹവും ശ്രമവുമുണ്ടാകും. പകരം മറ്റെന്തെങ്കിലും ലഭിച്ചാലും സംതൃപ്തിയുണ്ടാകില്ല. ഊണും ഉറക്കവും നഷ്ടപ്പെടുന്നതുകൊണ്ട് അതു നേടുന്നതു മാത്രമാണ് പരിഹാരം. പ്രവൃത്തിയില്ലാത്ത സ്വപ്നങ്ങളാണ് ആഗ്രഹം. പ്രവൃത്തിയിലേക്കു നയിക്കുന്ന സ്വപ്നമാണ് അഭിനിവേശം. ആഗ്രഹങ്ങൾ ഇല്ലാത്തവരായി ആരുമുണ്ടാകില്ല. ശിശുവും യുവാവും വയോധികനും തങ്ങളുടേതായ ആഗ്രഹങ്ങളിലൂടെ അനുദിനം സഞ്ചരിക്കുന്നുണ്ട്. അവരിൽ അഭിനിവേശമുള്ളവർ മാത്രമാണ് തങ്ങളാഗ്രഹിച്ച കാര്യങ്ങൾ നേടിയെടുക്കുന്നത്. അല്ലാത്തവരെല്ലാം തങ്ങൾക്കു പ്രായമായില്ല, ഇനിയും സമയമുണ്ട്, പ്രായം കഴിഞ്ഞു തുടങ്ങിയ ഒഴികഴിവുകളിൽ തട്ടി തുടങ്ങിയിടത്തുതന്നെ നിൽക്കും.